മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നമ്പർ * 211

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ നിന്നും എഴുന്നേറ്റ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുസമീപം വന്ന് പ്ലക്കാർഡുകളും ബാനറുകളും പിടിച്ച് മുദ്രാവാക്യങ്ങൾ വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ നിർഭാഗ്യകരമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ദയവായി സീറ്റിലേക്ക് തിരിച്ചു പോകണം.... (ബഹളം).... നിങ്ങൾ ചെയ്യുന്നത് ശരിയല്ല. എല്ലാ ദിവസങ്ങളിലും ഇത് ആവർത്തിക്കുന്നത് ശരിയല്ല. ഒരേയൊരു പ്രശ്നത്തെ അധികരിച്ചുകൊണ്ട് നിരന്തരമായി സഭയിൽ ഇത്തരം നടപടി സ്വീകരിക്കുന്നത് ഒട്ടും ശരിയല്ല. ---- (ബഹളം)... ദയവായി സീറ്റിലേക്ക് തിരിച്ചുപോകണം. പ്ലീസ്...പ്ലീസ്.... നയപരമായ കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെന്ന് കഴിഞ്ഞ ദിവസവും ഞാൻ നിങ്ങളോട് പറയുകയുണ്ടായി. ആ അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കാനുള്ള വേദിയാണ് സഭ. സഭയിൽ അത് ശക്തമായി ഉന്നയിക്കാം.

സമരം പുറത്ത് തുടരാം. സഭ നടത്തി കൊണ്ടുപോകാൻ സമ്മതിക്കാത്ത ഈ രീതി ഒട്ടും ശരിയല്ല. ... (ബഹളം) ദയവായി സഹകരിക്കണം.....(ബഹളം).... ദയവായി സഹകരിക്കണം. ഒരു പ്രശ്നംതന്നെ ഉന്നയിച്ചുകൊണ്ട് നിരന്തരമായി സഭ തടസ്സപ്പെടുത്തുന്നത് ശരിയാണോയെന്ന് പ്രതിപക്ഷാംഗങ്ങൾ ആലോചിക്കുന്നത് നല്ലതാണ്. ഈ സമീപനം ശരിയല്ല. (ബഹളം)...... വളരെ മോശമാണ്. ... (ബഹളം)... സീറ്റിലേക്ക് തിരിച്ചു പോകണം. ........(ബഹളം)....... കഴിഞ്ഞ ഏതാനും ദിവസങ്ങളായി കേരളത്തിലെ ജനവിഭാഗങ്ങളെ ബാധിക്കുന്ന നിരവധി ധനാഭ്യർത്ഥനകളുടെ ചർച്ചകൾ ഇവിടെയുണ്ടായി. ആ ചർച്ചകളോടെല്ലാം പ്രതിപക്ഷം നിസ്സഹകരിച്ചത് ലോകം മുഴുവൻ കാണുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ...(ബഹളം)..... നിങ്ങൾക്ക് ചെയറിന്റെ നടപടിക്രമങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടോ? ഇല്ലല്ലോ. .... (ബഹളം).... ഇത് ശരിയല്ല. പ്രതിപക്ഷം ചെയ്യുന്ന ഈ സമീപനം ശരിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം..... (ബഹളം) ... നാടിനെ ബാധിക്കുന്ന നിരവധി ധനാഭ്യർത്ഥനകളുടെ ചർച്ചകളിൽ പൂർണ്ണമായും നിസ്സഹകരിച്ചുകൊണ്ട് ഈ

സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ചർച്ചയിൽ ഇടപെട്ട് ശക്തമായി നിങ്ങളുടെ പ്രതിഷേധം ഉന്നയിക്കാം. ഇവിടെ നടക്കുന്ന ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശക്തമായി പ്രതിപക്ഷത്തിന് പ്രസംഗിക്കാൻ അവസരമുണ്ട്. പ്ലീസ്... പ്ലീസ്... സഹകരിക്കണം. ദയവായി സീറ്റിലേയ്ക്ക് തിരിച്ചു പോകണം. ഒരൊറ്റ പ്രശ്നത്തിൽ ഇത്രയും പിടിവാശി പിടിച്ച് സഭ നടത്തിക്കൊണ്ടുപോകാൻ സമ്മതിക്കാത്തത് ശരിയല്ല. പ്ലീസ്... പ്ലീസ്... തിരിച്ചു പോകൂ. സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ലായെന്ന് ഞാൻ വീണ്ടും അറിയിക്കുന്നു.... (ബഹളം).....ചോദ്യോത്തരവേള നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 8.33-ന് അല്പസമയത്തേക്ക് നിർത്തിവച്ചു.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 8.33-ന് നിർത്തി വച്ച സഭ 9.30-ന് പുനരാരംഭിച്ചു)

<u>മി. സ്പീക്കർ</u> : ഓർഡർ...ഓർഡർ ......(ബഹളം)..........

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, .......(ബഹളം)......"സഭാ

നടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇന്ന് പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകളോടൊപ്പം 2016 ഒക്ടോബർ 6-ാം തീയതിയിൽ സഭ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകൾ കൂടി ഇന്ന് പരിഗണിക്കുവാനും ഒക്ടോബർ 6-ാം തീയതിയിലെ സഭാ സമ്മേളനം ഒഴിവാക്കുവാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ സമ്മേളിച്ച ദിവസം തന്നെ ഈ പ്രശ്നം അടിയന്തരപ്രമേയമായി അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട

ആരോഗ്യവകുപ്പുമന്ത്രി കാര്യങ്ങൾ അന്ന് വിശദീകരിച്ചതുമാണ്. ഇത്തരത്തിൽ സഭയിൽ തുടർച്ചയായി പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് യഥാർത്ഥത്തിൽ എന്തുമാത്രം വസ്തുതയുണ്ടെന്നുള്ളത് നമ്മുടെ സഭ ഇതിനുമുൻപ് കണ്ടതാണ്. അങ്ങയുടെ സാന്നിധ്യത്തിൽ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്തതാണ്. അന്ന് പറഞ്ഞത് സർക്കാർ ചർച്ചയ്ക്ക് തയ്യാറാകണമെന്നാണ്. അന്ന് പുറത്തായിരുന്നു ചർച്ച നടന്നത്. ആ ചർച്ച അന്നുതന്നെ നടത്താൻ സർക്കാർ തയ്യാറായി. സഭയിൽ അത് വ്യക്തമാക്കുകയും ചെയ്തു. സമരം നടത്തുന്നവരുമായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ചർച്ച നടത്തി. ആ ചർച്ചയുടെ ഭാഗമായി അന്നുതന്നെ ഇത് അവസാനിക്കേണ്ടതായിരുന്നു. ഈ പ്രശ്നത്തിൽ ഗവൺമെന്റിന് എത്രമാത്രമാണ് പോകാൻ കഴിയുകയെന്ന് സമരം നടത്തുന്നവർക്കറിയാം. ചർച്ചയിൽ തീരുമാനമായില്ലെന്ന് പറഞ്ഞുകൊണ്ടാണ് സഭയിൽ എം.എൽ.എ.-മാർ സമരം പ്രഖ്യാപിച്ചത്. ആ ഘട്ടത്തിൽ സഭാ നടപടികൾ അലങ്കോലപ്പെടുന്ന നടപടികളാണ് സ്വീകരിച്ചത്. ദിവസങ്ങളായി സഭാ നടപടികൾ അലങ്കോലപ്പെടുത്തുന്ന നടപടി തുടർന്നുവരികയാണ്. ആ ഘട്ടത്തിലാണ് അങ്ങ് എല്ലാ കക്ഷി നേതാക്കളെയും

വിളിച്ച് ചർച്ച ചെയ്യാൻ തീരുമാനിച്ചത്. ആ ചർച്ചയിൽ കാര്യങ്ങൾ വിശദമായി തന്നെ നാം കണ്ടതാണ്. സഭയിൽ തന്നെ ചില കാര്യങ്ങൾ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഇത്തവണത്തെ ഏറ്റവും വലിയ പ്രത്യേകത, കഴിഞ്ഞ കാലങ്ങളിൽ ക്യാപിറ്റേഷൻ ഫീസ് ഇഷ്ടം പോലെ വാങ്ങാൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കഴിയുമായിരുന്നുവെങ്കിൽ ഇത്തവണ അതിനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടത്. എത്രയാണോ പ്രഖ്യാപിച്ച ഫീസ്, ആ തുക മാത്രമേ വാങ്ങാൻ കഴിയൂവെന്ന അവസ്ഥ സ്വാശ്രയ മാനേജ്മെന്റുകൾക്ക് വിഷമമുണ്ടാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇക്കാര്യത്തിൽ ആരെങ്കിലും വഴിവിട്ട നടപടി സ്വീകരിച്ചെങ്കിൽ അവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുമെന്ന് ഈ സഭയിൽ തന്നെ ഞാൻ പ്രഖ്യാപിച്ചതായിരുന്നു. അങ്ങ് ഓർക്കുന്നുണ്ടാകും ഇക്കാര്യത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്നതാണ് നല്ലതെന്ന് പ്രതിപക്ഷനേതാവ് അതുമായി ബന്ധപ്പെട്ട് പറഞ്ഞു. അത് അപ്പോൾ തന്നെ സമ്മതിച്ചു. മാധ്യമ വാർത്തയുടെ നിജസ്ഥിതിയെക്കുറിച്ചും എം.എൽ.എം.-മാർ പരാതി തന്നാൽ അതിനെക്കുറിച്ചും അന്വേഷിക്കുമെന്ന് വ്യക്തമാക്കിയ കാര്യമാണ്.

ഇതെല്ലാം സർക്കാർ പരസ്യമായി തന്നെ അംഗീകരിക്കുന്ന നടപടിയാണ് എടുത്തത്. ആ ഘട്ടത്തിൽ ഉയർന്നുവന്ന മറ്റൊരു പ്രശ്നം പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് തുകയിൽ എന്തെങ്കിലും കുറവ് വരുത്തണമെന്ന കാര്യമായിരുന്നു. പരിയാരം മെഡിക്കൽ കോളേജിലെ ഫീസിൽ കുറവ് വരുത്താനുള്ള നടപടികൾ സ്വീകരിക്കാനുള്ള പ്രയാസം സർക്കാരിന്റെ ഭാഗത്തുനിന്നും വിശദീകരിക്കുകയും ചെയ്തു. അപ്പോൾ തന്നെ വേറൊരു കാര്യം വ്യക്തമാക്കി. ഇവിടെ പരിയാരം മെഡിക്കൽ കോളേജിൽ 100 കുട്ടികളാണ് പഠിക്കുന്നത്. ....(ബഹളം)........

മി. സ്പീക്കർ: പ്രതിഷേധം അതിര് കടക്കരുത്. ചെയറിനോടല്ല നിങ്ങളുടെ പ്രതിഷേധം, പ്രതിപക്ഷനേതാവ് ഇത് കാണുന്നുണ്ടോ? പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് പരിമിതിയുണ്ടെന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. ചെയറിന് സഭാംഗങ്ങളെ കാണുന്നതിന് തടസ്സപ്പെടുത്തുന്ന രീതിയിൽ നിൽക്കരുത്.

ശ്രീ. പിണറായി വിജയൻ: ഒരു കോഴ്സിന് 100 കുട്ടികളുണ്ടെങ്കിൽ 30-ൽ താഴെ കുട്ടികൾ മാത്രമാണ് 2,50,000 /- രൂപ ഫീസിന് പഠിക്കേണ്ടി വരുന്നത്. വെറും 30-ൽ താഴെയുള്ള കുട്ടികൾക്കുവേണ്ടി സഭാ നടപടികളാകെ അലങ്കോലപ്പെടുത്തുന്ന

അവസ്ഥ തുടരേണ്ടതുണ്ടോയെന്ന് ഞങ്ങൾ പ്രതിപക്ഷനേതാക്കന്മാരോട് അന്വേഷിക്കുകയും ചെയ്തു. അവിടെ വേറൊരു കാര്യം വ്യക്തമാക്കി. പരിയാരം മെഡിക്കൽ കോളേജ് കഴിഞ്ഞ ഗവൺമെന്റ് തന്നെ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചതാണ്. ആ നടപടി ത്വരിതപ്പെടുത്തുമെന്നും വളരെ വേഗത്തിൽ തന്നെ ആ നടപടി പൂർത്തീകരിക്കുമെന്നും ഞങ്ങൾ പറയുകയുണ്ടായി. അത്തരമൊരു ഘട്ടത്തിൽ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള അധിക ബാധ്യത വരുന്നുണ്ടെങ്കിൽ ആ അധിക ബാധ്യത കുട്ടികൾക്ക് വരാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന ഉറപ്പും ആ ഘട്ടത്തിൽ നൽകി. ഉന്നയിച്ച എല്ലാ പ്രശ്നങ്ങളിലും സമവായത്തിലെത്തലാണ് ഇവിടെയുണ്ടായത്. അങ്ങ് ഓർക്കുന്നുണ്ടാകും, ആ ഘട്ടത്തിൽതന്നെ ഏറെക്കുറെ സമവായമായി. ആ സാഹചര്യത്തിൽ സമരം അവസാനിപ്പിക്കുന്നതിനെക്കുറിച്ചാണ് പിന്നീട് നാം ചർച്ച ചെയ്തത്. സമരം എപ്പോൾ അവസാനിപ്പിക്കുന്നുവെന്ന നിലയിലേക്കടക്കം ചർച്ച നടന്നു. 11 മണിക്ക് യു.ഡി.എഫ് യോഗമുണ്ട്, അതിൽ ഞങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷനേതാവടക്കമുള്ള പ്രതിപക്ഷനേതാക്കന്മാർ വ്യക്തമാക്കുകയാണുണ്ടായത്. ആ ഘട്ടത്തിൽ സമരം അവസാനിക്കാൻ പോകുന്നുവെന്നാണ് ഞങ്ങൾ കണക്കാക്കിയത്. എന്നാൽ സമരം

അവസാനിപ്പിക്കാതെ, സമരം തുടർന്ന് നടത്താൻ അതിനുശേഷവും തീരുമാനിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ സർക്കാരിന് ഒരുതരത്തിലുള്ള പിടിവാശിയുമുണ്ടായിട്ടില്ല. സമരം തുടരാൻ തീരുമാനിച്ചതിനുശേഷം ബഹുമാന്യരായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും, പ്രതിപക്ഷ നേതാവും, മുസ്ലീംലീഗിന്റെ നേതാവെന്ന നിലയ്ക്ക് ഡോ. എം. കെ. മുനീറും എന്നെ വന്നുകാണുകയുണ്ടായി. ഇക്കാര്യത്തിൽ സ്വാശ്രയ മാനേജ്മെന്റ് ഒരു  നിർദ്ദേശം വയ്ക്കാൻ തയ്യാറാകുന്നുണ്ട്, 2,50,000 രൂപയ്ക്ക് പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവർ ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കും എന്നാണ് അവർ പറഞ്ഞത്.  അപ്പോൾ ഞാൻ ചോദിച്ചത് അവർ നിർദ്ദേശം വയ്ക്കുമോ എന്നാണ്. അവർ നിർദ്ദേശം വയ്ക്കാൻ തയ്യാറാണെന്നും മുഖ്യമന്ത്രി ഒരു യോഗം വിളിച്ചാൽ മതിയെന്നുമായിരുന്നു അവരുടെ മറുപടി. ഞാൻ അപ്പോൾ തന്നെ പറഞ്ഞു, 'എനിക്ക് യോഗം വിളിക്കുന്നതിന് ഒരു തടസ്സവുമില്ല, ഞാൻ യോഗം വിളിക്കാം, പക്ഷേ സർക്കാർ ഒരു നിർദ്ദേശവും അങ്ങോട്ടുവയ്ക്കില്ല എന്നത് മനസ്സിലാക്കണം.  അവരുടെ നിർദ്ദേശമെന്താണെന്ന് കേൾക്കാൻ ഞാൻ തയ്യാറാണ്. അങ്ങനെ അവർ നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ തയ്യാറായാൽ  അത് സ്വീകരിക്കുന്നതിന് ഞങ്ങൾക്ക് യാതൊരു പ്രയാസവുമില്ല.' ഇത് ഞാൻ അവരോടുതന്നെ വ്യക്തമാക്കിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത

ദിവസം (4.10.2016) രാവിലെ 8.30-നുതന്നെ അവരെ വിളിക്കാൻ ഞാൻ സന്നദ്ധനായി. 8.30-ന് നിയമസഭയിലുള്ള ഓഫീസിൽ യോഗം വിളിക്കാനാണ് അറിയിപ്പ് പോയത്, ആരോഗ്യ വകുപ്പുമന്ത്രിതന്നെയാണ് അവരെ ഇക്കാര്യം അറിയിക്കുന്നതും. പക്ഷേ അവർ ഇന്നലെ രാവിലെ അറിയിച്ചത് 'ഞങ്ങൾക്ക് രാവിലെ എത്തിച്ചേരാൻ പ്രയാസമുണ്ട്. 11.30-നും 12.00-നും ഇടയിലുള്ള സമയത്ത് ഞങ്ങൾ വരാം' എന്നാണ്. ഇവിടെ സഭാനടപടികൾ നടക്കുന്ന സമയത്ത്, 12 മണിവരെ ഞാൻ അവിടെയിരുന്നു. 12 മണിവരേയും അവർ എത്താത്തതിന്റെ ഫലമായി ഞാൻ സഭയിൽ വന്നു. വൈകുന്നേരം 3 മണിക്ക് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. മൂന്ന് മണിയായപ്പോൾ അവരെത്തി കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറായി. സ്വാശ്രയ മാനേജ്മെന്റുകളുടെ ഒരു അസോസിയേഷനുണ്ട്, ആ അസോസിയേഷന്റെ യോഗം ചേർന്നുകൊണ്ടാണ് ചർച്ചയിൽ പങ്കെടുക്കാൻ അവർ വന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി അവിടെ വ്യക്തമാക്കിയ ഒരു കാര്യം - 'ഞങ്ങൾ യോഗം ചേർന്നാണ് വരുന്നത്. ആ യോഗത്തിൽ നേരത്തെ ഉണ്ടാക്കിയ എഗ്രിമെന്റിൽ നിന്നും ഒരു വ്യത്യാസവും വരുത്താൻ ഞങ്ങൾ തയ്യാറല്ല' എന്നാണ്. എനിക്കെന്ത് നടപടി എടുക്കാൻ കഴിയും. ഞാൻ ഈ കാര്യങ്ങളെല്ലാം സൂചിപ്പിച്ചു. ഇവർ എന്നോട് സംസാരിച്ച കാര്യവും സൂചിപ്പിച്ചു, 'നിങ്ങൾ ചില ഉറപ്പുനൽകിയെന്ന്

കേൾക്കുന്നുണ്ടല്ലോ? ആ ഉറപ്പുനൽകിയ കാര്യം ഇവർ എന്റടുത്തുവന്ന് സംസാരിച്ചിട്ടുണ്ടല്ലോ? അതുമായി ബന്ധപ്പെട്ട് നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ?' ഞങ്ങൾക്കൊന്നും പറയാനില്ല എന്നായിരുന്നു അവരുടെ മറുപടി. ആ ഘട്ടത്തിൽ അനന്തമായി ചർച്ച നടത്തിക്കൊണ്ടുപോയിട്ട് കാര്യമില്ല. ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും ഉൾപ്പെടെ ഞങ്ങളെല്ലാപേരും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഞാൻ വ്യക്തമായി രണ്ട് ചോദ്യങ്ങൾ ചോദിച്ചു. 2,50,000 രൂപയുടേതാണ് പ്രശ്നം, ആ ഫീസ് നിരക്കിൽ എന്തെങ്കിലും ഇളവുവരുത്താൻ നിങ്ങൾ തയ്യാറാണോ? 'ഞങ്ങൾക്കത് കഴിയില്ല, ഞങ്ങൾ ഒരു ഇളവും വരുത്താൻ തയ്യാറല്ല' എന്ന് അവർ പറഞ്ഞു. അതിനുശേഷം ഞാൻ രണ്ടാമത്തെ ചോദ്യം ചോദിച്ചു, 'ഇന്നത്തെ സാഹചര്യത്തിൽ നിങ്ങൾ എന്തെങ്കിലും പുതിയ നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ തയ്യാറുണ്ടോ?' അവർ പറഞ്ഞു, ഞങ്ങൾക്ക് ഒരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാനില്ല എന്ന്. ഞാൻ പറഞ്ഞു - ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നിങ്ങളുടെ അടുത്ത് വയ്ക്കാനല്ല ഈ യോഗം വിളിച്ചത്, നിങ്ങൾക്ക് നിർദ്ദേശമുണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഈ യോഗം വിളിച്ചത്. നിങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടോയെന്ന് വീണ്ടും ഞാൻ ചോദിച്ചു. ഒന്നുമില്ല എന്ന് അവർ മറുപടി പറഞ്ഞു. പിന്നെ എങ്ങനെയാണ് ആ യോഗം

തുടർന്നുപോകുന്നത്. ഇങ്ങനെയാണ് ആ യോഗം അവസാനിച്ചത്. ഞാൻ ഏതെങ്കിലും തരത്തിലുള്ള പിടിവാശി കാണിച്ചതുകൊണ്ടല്ല, ഞാൻ എന്താണോ ഇവരോട് പറഞ്ഞിരുന്നത് ആ പറഞ്ഞ കാര്യം തന്നെയാണ് അവിടെ സ്വീകരിച്ചത്. ഞാൻ പറഞ്ഞിരുന്നു ഗവൺമെന്റിന്റേതായി ഒരു നിർദ്ദേശവും അങ്ങോട്ടുവയ്ക്കില്ല. അവർ നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണെങ്കിൽ അത് സ്വീകരിക്കാൻ തയ്യാറാകും. ഇതാണ് സർക്കാർ സ്വീകരിച്ചത്. സർക്കാരിനുവേണ്ടി ഞാൻ പറഞ്ഞ വാക്കിൽ അണുകിട മാറ്റമുണ്ടായിട്ടില്ല. അതിൽതന്നെ ഉറച്ചുനിൽക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതിനപ്പുറം എന്തുചെയ്യാൻ കഴിയും. എന്നെ ആക്ഷേപിച്ചതുകൊണ്ട് തീരുന്നതാണോ ഈ സമരം. ഞാൻ പിടിവാശി കാണിച്ചതുകൊണ്ടാണോ ഇതുണ്ടായിട്ടുള്ളത്. എന്തെല്ലാം കെട്ടുകഥകളാണ് പുറത്തുവരുന്നത്. ആരോഗ്യമന്ത്രിയെ ഞാൻ പള്ള് പറഞ്ഞുപോലും, ആരോഗ്യ വകുപ്പുസെക്രട്ടറിയെ എന്തൊക്കെയോ തെറിവിളിച്ചുപോലും, ഇതൊന്നും അവിടെ നടക്കാത്ത കാര്യമാണ്. നടക്കാത്ത കാര്യങ്ങൾ കെട്ടുകഥകളായി അവതരിപ്പിക്കുകയാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ ഞങ്ങൾ ഒരു മുന്നണിയുടെ സർക്കാരുമാണ്. സർക്കാരായാലും മുന്നണിയായാലും എല്ലാം ഒറ്റക്കെട്ടായിത്തന്നെയാണ് ഇക്കാര്യത്തിൽ നിൽക്കുന്നത്. ഇതിൽ അഭിപ്രായ വ്യത്യാസമുണ്ടാകേണ്ട ഒരു

കാര്യവുമില്ല. നമ്മുടെ നാടിനേയും കുട്ടികളേയും രക്ഷകർത്താക്കളേയും നാടിന്റെ ഭാവിയേയും കണക്കാക്കിക്കൊണ്ട് എടുത്തിട്ടുള്ള ഒരു നിലപാടാണിത്. ഒരു പരിധിയോളം സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നതാണ് അവസ്ഥ. അതിന് നമുക്കെല്ലാപേർക്കും ഒന്നിച്ചുനിൽക്കാൻ കഴിയണം. പിടിവാശി, ദുർവാശി എല്ലാമുള്ളത് എനിക്കല്ല, ഈ കാണിക്കുന്ന നിലപാടുകൾക്കാണ്. ഇത് തിരുത്തി പോകാൻ കഴിയണം. നാടിന്റെ ഭാവി കണക്കാക്കിക്കൊണ്ട് ഈ നടപടികളിൽ നിന്നും പ്രതിപക്ഷം പിൻതിരിയുകയാണ് വേണ്ടത്. അതാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: സഭ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ചെയർ തുടർന്നുള്ള നടപടികളിലേക്ക് കടക്കുകയാണ്. ഇന്നത്തെ ശ്രദ്ധക്ഷണിക്കലും സബ്മിഷനും ഒഴിവാക്കിയിരിക്കുന്നു. മറുപടി അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.